[Mr. T. A. MoideenKunju]

പൊഴൊ ഒരു കുടികിടപ്പുകാരനെ കൂടി ഇറക്കേണ്ടി വരുമ്പോൾ അവനു സ്ഥിരമായി താമസിക്കുന്നതിന് മറ്റു് എന്തെങ്കിലും കരിടം ഉണ്ടാക്കി കൊടുക്കുവാനുള്ള ഉത്തരവാദിത്വം കൂടി ആ വസ്തു ഉടമസ്ഥനുണ്ടായിരിക്കേണ്ടതാണു്. അങ്ങനെ ഒരു ഭേദഗതികൂടി ഈ ബില്ലിൽ വരുത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

HON'BLE MR. A. J. JOHN: I move that the question may now be put.

The motion was put and carried.

HON'BLE MR. A. J. JOHN : ഈ ബില്ലിന്റെ തത്വത്തോടു എല്ലാവരും യോജിച്ചിരിക്കുകയാണു്. അതുകൊണ്ടു ഇതിനെപ്പറ്റി കൂടുതലായി ഒന്നുംതന്നെ പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല.

I move that the Bill may be referred to the same Select Committee constituted for the Verumpattom holders (Stay of eviction proceedings) Bill.

The quorum is fixed as 5.

HON'BLE MR. N. KUNJURAMAN : I second the motion.

HON'BLE MR. A. J. JOHN: I also move that the Standing Order 35 (2) may be suspended and the Select Committee may be ordered to submit the report on Tuesday the 22nd February 1949.

HON'BLE MR. N. KUNJURAMAN: I second the motion.

The motions were put and carried.

THE TRAVANCORE PUBLIC SERVICE COMMISSION BILL.

HON'BLE MR. A. J. JOHN : I beg to introduce the Travancore Public Service Commission Bill.

HON'BLE MR. N. KUNJURAMAN : I second the motion.

HON'BLE MR. A. J. JOHN : പബ്ലിക്കു് സർവീസിലേക്കുള്ള നിയമനങ്ങൾ മുതലായവ സംബന്ധിച്ചു ഗവണ്മെൻറിനെ ഉപദേശിക്കുന്നതിലേക്കു് ഒരു പബ്ലിക്കുസർവീസു കമ്മീഷനെ നിയമിക്കേണ്ടതു് അവശ്യമാണെന്ന ബോദ്ധ്യം വന്നതുകൊണ്ടാണു് ഈ ബിൽ അവതരിപ്പിക്കുന്നതു്.

ഈ ബിൽ കഴിഞ്ഞ ഡിസംബർ ൧൪-ാം തീയതി ഗസറ്റിൽ പരസ്യം ചെയ്തിരുന്നു. ബില്ലിലെ പ്രധാന വ്യവസ്ഥകൾ ഇവയാണു്.

(൧) പബ്ലിക്കുസർവീസു കമ്മീഷന്റെ ചെയർമാനേയും മറ്റു അംഗങ്ങളേയും ഗവണ്മെൻറിൽ നിന്നും നിയമിക്കുന്നതാണു്. കമ്മീഷനിൽ എത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും, അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗകാലാവധി എത്രയായിരിക്കണമെന്നും ജോലിസംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്നും വിവരിക്കുന്നതായ റൂളുകൾ ഉണ്ടാക്കുന്നതിന് ഗവണ്മെൻറിനെ അധികാരപ്പെടുത്തിയിരിക്കുകയാണ്. ചെയർമാൻ ജോലി അവസാനിച്ചാൽ ആ ആളിനു ഗവണ്മെൻറിൽ യാതൊരു ജോലിയും നൽകുന്നതല്ല. മഹാരാജാവിൻെറ അനുമതി കൂടാതെ മറ്റംഗങ്ങൾക്കും ജോലി നൽകുന്നതല്ല.

(ഫ) പബ്ളിക്കുസർവീസിലേക്കു നിയമനങ്ങൾ നടത്തുന്നതിനു പബ്ളിക്കുസർവീസു കമ്മീഷൻ പരീക്ഷകൾ നടത്തേണ്ടതാണ്. പബ്ളിക്കു് സർവീസ് കമ്മീഷണനോടു് ആലോചിക്കാതെ ചില പ്രത്യേക സംഗതികളിൽ പ്രവർത്തിക്കുന്നതിനു് ഗവണ്മെൻറിനു അധികാരമുണ്ടായിരിക്കുമെന്നു വിവരിച്ചുള്ള റൂളുകളൊ ആർഡർകളൊ പാസാക്കുന്നതിനു ഗവണ്മെൻറിനു അധികാരമുണ്ടായിരിക്കും.

(ന) സിവിൽസർവ്വീസിലേക്കു് നിയമനങ്ങൾ നടത്തുന്ന രീതി, സ്വീകരിക്കേണ്ട തത്വങ്ങൾ, ഉദ്യോഗകയറ്റം, ഒരു ഡിപ്പാർട്ടുമെൻറിൽ നിന്നും മറ്റൊരു ഡിപ്പാർട്ടുമെൻറിലേക്കു മാറുന്നതിനുള്ള വ്യവസ്ഥകൾ, ഓരോ ഉദ്യോഗത്തിനും വേണ്ടതായ യോഗ്യതകൾ, ഉദ്യോഗസംബന്ധമായ ശിക്ഷണനടപടികൾ, എന്നീ സംഗതികളെപ്പറ്റി പബ്ളിക്കുസർവീസു കമ്മീഷനോടു ആലോചിച്ചുതന്നെ ഗവണ്മെൻറു പ്രവർത്തിക്കേണ്ടതാണ്.

എന്നാൽ പോലീസുഡിപ്പാർട്ടുമെൻറിലെ താഴ്ന്ന ജോലിക്കാരുടെ നിയമനം മുതലായവ സംബന്ധിച്ചു ആലോചിക്കണമെന്നു നിർബന്ധമില്ല.

(ര) പബ്ളിക്കുസർവീസു കമ്മീഷണരുടെ അധികാരങ്ങൾ വിപുലപ്പെടുത്തുന്നതിലേക്കു നിയമസഭയിൽ ഒരു നിയമം പാസാക്കാവുന്നതാണെന്നും വ്യവസ്ഥയുണ്ട്.

ഇതുപോലെയുള്ള പബ്ളിക്കുസർവീസു കമ്മീഷൻ മിക്കവാറും എല്ലാ പ്രാവിൻസുകളിലും പ്രധാന നാട്ടുരാജ്യങ്ങളിലുമുണ്ട്. അവയെ അടിസ്ഥാനപ്പെടുത്തിയാണു ഈ ബില്ലും ഉണ്ടായിരിക്കുന്നതു. ഈ ബില്ലു സഭയുടെ പരിഗണനയ്ക്കായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MRS. DEVAKI GOPIDAS : സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഇന്ന് ഹയർ ഗ്രേഡിലേക്കും ഇൻറർമീഡിയറ്റ് ഗ്രേഡിലേക്കുമുള്ള നിയമനങ്ങളിൽ അധികവും ഗവണ്മെൻറു തന്നെയാണു നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെസംബന്ധിച്ച് പല പരാതികളും ഉണ്ടാകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒരു പബ്ളിക്കുസർവീസ് കമ്മീഷൻ ഉണ്ടായാൽ ഇങ്ങനെയുള്ള പരാതികൾ ഗവണ്മെൻറ് വഴി ക്കേണ്ടിവരികയില്ലെന്നുള്ളത് വളരെ ആശ്വാസകരമാണ്. ക്ലാർക്കു നിയമനത്തിനുള്ള പരീക്ഷകളും പബ്ളിക്കുസർവീസ് കമ്മീഷൻറെ മേൽനോട്ടത്തിൽ നടത്തണമെന്ന് നിശ്ചയിച്ചിട്ടുള്ളതും ഒരു നല്ലകാര്യ മാണ്. ക്ലാർക്കു ഡിപ്പാർട്ടുമെൻറൽ ടെസ്റ്റുകളും പബ്ലിക്കുസർവീസ് കമ്മീഷൻ തന്നെ മേലിൽ നടത്തുമെന്നും ഞാൻ വിശ്വസിക്കുന്നു. അതു പോലെതന്നെ പ്രമോഷനെ സംബന്ധിച്ചും പല പരാതികളും ഇപ്പോൾ സർവീസിലുണ്ട്. അതിനെ നിവാരണം ചെയ്യുന്നതിനും ഇങ്ങനെയുള്ള ഒരു പബ്ളിക്ക് സർവീസ് കമ്മീഷൻ പ്രയോജകീഭവിക്കുമെന്നാണ് എൻറെ അഭിപ്രായം. തൽസംബന്ധമായ അധികാരങ്ങൾ ഗവണ്മെൻറ് ഈ കമ്മീഷനു നൽകുന്നതു വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ള സംഗതികളാണ് ഇതിനെ സ്വാഗതം ചെയ്യുന്നതിനു എന്നെ പ്രേരിപ്പിച്ചതു്. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

MR. P. KUNJUKRISHNAN : സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ രാജ്യത്തെ പബ്ളിക്കുസർവീസിലെ നിയമനങ്ങൾ സമുദായസൗഹാർദ്ദതക്കും ജനങ്ങൾ തമ്മിലുള്ള സൗഹാർദ്ദതക്കും എത്രമാത്രം അടിസ്ഥാനമായിരിക്കുന്നുവെന്നു ഈ കഴിഞ്ഞ കാലങ്ങളിലെ തിരുവിതാംകൂർ ചരിത്രം നമുക്ക് മനസ്സിലാക്കിത്തരുന്നു. ഉയർന്ന ഗ്രേഡുകളിലും താഴ്ന്ന ഗ്രേഡുകളിലുമുള്ള നിയമനങ്ങൾ എല്ലാംതന്നെ ഒരു പബ്ലിക്കു സർവീസു കമ്മീഷൻറെ കീഴിൽ ആക്കണമെന്നു വളരെക്കാലമായി ഉദ്യോഗസംബന്ധമായ അവശതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾ മുറവിളികൂട്ടിക്കൊണ്ടിരിക്കയാണ്. അതിൻറെ ഫലമായി നമ്മുടെ ജനകീയഗവണ്മെൻറ് രാജ്യത്തിൻറെ സ്ഥായിയായ നന്മയേയും ഐശ്വര്യത്തെയും ലക്ഷ്യമാക്കി ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നിരിക്കുന്നതു് എത്രയും സ്വാഗതാർഹമാണ്.. നിയമനക്കാര്യവും പ്രമോഷൻ കാര്യവും മറ്റുള്ള ഉദ്യോഗസംബന്ധമായ എല്ലാപ്രശ്നങ്ങളും തന്നെ ഈ കമ്മിഷൻറെ പരിധിയിൽ ഉൾപ്പെട്ടിരിക്കുന്നതും ഈ കമ്മീഷ

LIBRARY ARCHIVES Kerala Legislative Assembly

നിൽ ജോലിനിർവഹിക്കുന്ന ആളുകൾ അതിനുശേഷം ഗവണ്മെൻറു സർവീസിൽ ഉദ്യോഗത്തിനു ഇരുന്നുകൂടാ എന്നുള്ളവ്യവസ്ഥയും ഏറ്റവും സന്തോഷകരമാണു്. ഇതു് മറ്റു പ്രവശ്യകളിലും ചില നാട്ടരാജ്യങ്ങളിലും നിലവിലിരിക്കുന്ന കമ്മീഷൻ നിയമത്തെ അടിസ്ഥാനമാക്കി കൊണ്ടുവന്നിട്ടുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു എന്നാൽ അതേ അവസരത്തിൽ എനിക്കു് ഒരു വകുപ്പിനെക്കുറിച്ചു പ്രത്യേകം പൂണ്ടിക്കാണിക്കാനുണ്ടു്. നാലാം വകുപ്പിൽ രണ്ടാമത്തെ ഉപവകുപ്പിൽ പറയുന്നതു്.

Clause 4 (2) :—

'Our Government may by rules or orders specify the matters on which either generally or in any particular class of cases or in any particular circumstances it shall not be necessary for the Public Service Commission to be consulted; but subject to the rules and orders so made and to the provisions of the next succeeding sub-section, the Public Service Commission shall be consulted".

ഇങ്ങനെയാണു്. ഈ വകുപ്പനുസരിച്ചു് ഗവണ്മെൻറിനു പബ്ലിക്കുസർവീസിലെ ഏതു തുറകളിലും നിയമനം നടത്തുവാനുള്ള അനിയന്ത്രിതമായ അധികാരം കൊടുത്തിരിക്കുന്നു. പബ്ലിക്കു് സർവീസു കമ്മീഷനോടു് ആ വക നിയമനക്കാര്യങ്ങളിൽ ആലോചിക്കേണ്ട ആവശ്യമില്ലെന്നാണു് ആ വകുപ്പുകൊണ്ടു് കാണുന്നതു്. എനിക്കു പറയാനുള്ളതു സാമ്പത്തികപ്രശ്നം നമുക്കു് പ്രധാനപ്പെട്ടതാണെങ്കിലും ഈ രാജ്യത്തിൻറെ ചരിത്രം നോക്കുമ്പോൾ ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഉദ്യോഗസംബന്ധമായ പ്രശ്നമാണെന്നും അങ്ങനെയുള്ള പ്രശ്നത്തിനു പരിഹാരമുണ്ടാക്കാതെ യഥാർത്ഥമായ സമുദായസൗഹാർദ്ദതയും ക്ഷേമവും രാജ്യത്തുണ്ടാകയില്ലെന്നും മനസ്സിലാക്കാം. ഇന്നു കാലത്തുതന്നെ എൻറെ മാന്യസ്നേഹിതൻ മിസ്റ്റർ തരുത കുഞ്ഞിത്തൊമ്മൻ കുറെയധികം ചോദ്യങ്ങൾ ജാതിതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വയ്ക്കാൻ അയച്ചതും മേശപ്പുറത്തുവച്ചതും അതിനൊരു പായിൻറാഫ് ആർഡർ മുഖേന ഇങ്ങനെ ജാതിതിരിച്ചുള്ള പട്ടിക ഒരു കാൺഗ്രസ് പാർട്ടിമെമ്പർ ചോദിക്കാമോയെന്നു ചോദിച്ചതും നാം ഓർമ്മിക്കണം. ജാതിമതചിന്തകൾക്കതീതമായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള സ്റ്റേറു കാൺഗ്രസിലെ ഒരംഗമായ അദ്ദേഹം ഇങ്ങനെ തുടർച്ചയായി ചോദ്യപരമ്പരകൾ ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്നിട്ടുണ്ടു്. ദീർഘകാലത്തെ പൊതുക്കാര്യജീവിതത്തിൽ പരിചയവും പക്വതയുമുള്ള കൊല്ലത്തെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kunjukrishnan]

നിയമസഭാസമ്പ്രദായവുമുള്ള അദ്ദേഹം അദ്ദേഹത്തിന്റെ അനുഭവത്തിൽ നിന്നും കൊണ്ടുവന്നിട്ടുള്ള ചോദ്യപരമ്പരകളായിരുന്നു അവ. ഈ യാഥാർത്ഥ്യം നാം മറക്കാൻ പാടില്ലാ. ഇന്നത്തെ ഗവണ്മെൻറ് ജനകീയ ഗവണ്മെൻറായതുകൊണ്ട് നീതിയും ന്യായവും നടത്തുമെന്നു വിശ്വസിക്കാം. ഇതിനുമുമ്പ് ഒരു ഓട്ടോക്രാറ്റിക്ക് ഗവണ്മെൻറായിരുന്നു ഇവിടെ ഭരണം നടത്തിക്കൊണ്ടിരുന്നത്. ഈ ഹൗസിൽതന്നെ പറഞ്ഞു ഇവിടെ മൂന്നു സമുദായക്കാരെയുള്ളുവെന്ന്, അതായത് ക്രിസ്ത്യാനി, നായർ, ഈഴവൻ മറ്റു സമുദായങ്ങളെ ഗണിച്ചിട്ടേയില്ലെന്നു ഇവിടെ പറയുകയുണ്ടായി. ക്യാബിനറ്റ് തന്നെയും സംഘടിപ്പിച്ചിരിക്കുന്നതു് അങ്ങനെയാണെന്നു പരാതിപോലും വന്നു. ഈ രാജ്യത്തുള്ള എല്ലാ സമുദായക്കാരെയും ഉൾപ്പെടുത്തി ഒരു ക്യാബിനറ്റ് ഉണ്ടാക്കുക സാധ്യമല്ല. അങ്ങനെ എക്സിക്യൂട്ടീവ് നിയമനക്കാര്യം വലിയ പ്രയാസവും വിഷമവുമുള്ളതാണ്. അതുകൊണ്ട് ആ അധികാരം ക്യാബിനറ്റ് വച്ചുകൊണ്ടിരിക്കാൻ പാടില്ല എന്നാണ് എന്റെ ബലമായ അഭിപ്രായം ചിലപ്പോൾ പൊളിറ്റിക്കൽ റീസൻസ് വച്ചുകൊണ്ടു അങ്ങനെയുള്ള അധികാരങ്ങൾ ക്യാബിനറ്റിനു വേണമെന്നു വാദിച്ചേക്കാം. എനിക്കു അതിനെക്കുറിച്ചു പറയാനുള്ളതു് ഗവണ്മെൻറിന്റെ സുസ്ഥിതിക്കും രാജ്യത്തിന്റെ പൊതുവേയുള്ള ക്ഷേമത്തെ കരുതിയും രാജ്യത്തു് അസമാധാനം ഉണ്ടാകാതിരിക്കാനും ആയി ക്യാബിനറ്റ് ആ ചുമതല ഒഴിക്കണം. അതിനാൽ നാലാം വകുപ്പിലെ രണ്ടാം ഉപവകുപ്പു് എന്തിനെന്നു ഞാൻ ചോദിക്കുന്നു. നമുക്കു ഒരു സ്വതന്ത്രമായ ജൂഡിഷ്യറി വേണമെന്നു നാം കാംക്ഷിക്കുന്നു. ഇതു പൗരസ്വാതന്ത്ര്യത്തിനു അത്യന്താപേക്ഷിതമാണു. അതുപോലെ തന്നെ ഒരു സ്വതന്ത്രമായ പബ്ലിക്ക് സർവീസ് കമ്മീഷനെ എന്തുകൊണ്ടു് നമുക്കു് നിയമിച്ചു കൂടാ. മുൻ പറഞ്ഞ മറ്റു രാജ്യങ്ങളിലെ ചട്ടങ്ങളിൽ ഉണ്ടെങ്കിൽതന്നെ തിരുവിതാംകൂറിന്റെ പ്രത്യേക പരിതസ്ഥിതികളെ പരിഗണിച്ചുനോക്കിയാൽ നമുക്ക് മുഴുവൻ അധികാരമുള്ള ഒരു നിഷ്പക്ഷ സമിതിതന്നെയാണ് വേണ്ടതു്. ക്യാബിനറ്റ് ആ അധികാരം വച്ചുകൊണ്ടിരുന്നാൽ പല പരാതികളും—യഥാർത്ഥപരാതികളും അല്ലെങ്കിൽ തന്നെയും—ഉണ്ടാകും. രാജ്യത്തിന്റെ സകല ചുമതലകളും വഹിക്കുന്ന ക്യാബിനറ്റിനെക്കുറിച്ചു ഇങ്ങനെ പരാതികൾ ഉണ്ടാകാറുണ്ടു, എന്നാൽ ഈ ഒരു ചുമതല ഒഴി

LIBRARY ARCHIVES Kerala Legislative Assembly

ച്ചുവച്ച് അങ്ങനെയുള്ള കാര്യങ്ങൾ ഒരു നിഷ്പക്ഷസമിതിക്ക്—സ്വതാ വനിഷ്ഠയുള്ളവരും പൊതുജനസമ്മതന്മാരും അടങ്ങിയിട്ടുള്ള ഒരു സമി തിക്ക്—വിട്ടുകൊടുക്കാൻ വേണ്ട വ്യവസ്ഥചെയ്ത് അങ്ങനെ ഒരു കമ്മീ ഷനെത്തന്നെ ചുമതലയും വിട്ടുകൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ആ വകുപ്പുകൊണ്ട് നാം ഉദ്ദേശിക്കുന്ന നന്മയുണ്ടാക യില്ല. പ്രസ്തുത അതു് ദോഷം ചെയ്യും. ഈ രാജ്യത്തിന്റെ സമാ ധാനരക്ഷണത്തിനു അതെടുത്തുകളയേണ്ടതാവശ്യമാണു്. വിശേഷിച്ചു ക്യാബിനറ്റിനു ഒരു പാർട്ടി ഗവണ്മെൻറിനു അതു് ഏറ്റവും ആവ ശ്യമാണു്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുക്ര ലിക്കുന്നു.

MR. K. A. MATHEW : ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പബ്ലിക്ക് സർവ്വീസുകമ്മീഷൻ ബില്ലിനെ ഞാൻ പിന്താങ്ങുന്നു. തിരുവിതാംകൂ റിന്റെ പബ്ലിക്കുസർവീസു ചരിത്രം നോക്കിയാൽ വളരെ അസംതൃപ്തിക്കും പരാതിക്കും കാരണം നൽകിയിട്ടുള്ള ഒരു കാര്യമാണു പബ്ളിക്ക് സർവീ സിലെ നിയമനസംപ്രദായം. അപ്രകാരമുള്ള പരാതികൾക്കും അസം തൃപ്തിക്കും ആവർത്തിവരുത്തത്തക്കവണ്ണം ഒരു പബ്ളിക്ക് സർവീസുകമ്മീ ഷനെ നിയമിക്കാൻ വ്യവസ്ഥചെയ്യുന്ന ഈ ബിൽ ഏറ്റവും സ്വാഗ താർഹമത്രെ. തിരുവിതാംകൂറിലെ ഉദ്യോഗനിയമനക്കാര്യം നോക്കു മ്പോൾ സങ്കുചിതമായ വർഗീയചിന്തകൾക്കും മറ്റു പ്രലോഭനങ്ങൾക്കും വശംവദരായി ധാരാളം നിയമനങ്ങൾ അധികൃതർ നടത്തിയി ട്ടുണ്ടെന്നു മനസ്സിലാക്കാം. അതു നിമിത്തം സമുദായങ്ങൾ തമ്മിൽ വലിയ തെറ്റിദ്ധാരണയും തന്മൂലം രാജ്യത്തു അസ്വസ്ഥതയും ഉണ്ടായി ട്ടുണ്ട്. എന്നാൽ ഇനിമേൽ അങ്ങനെ വരാതിരിക്കത്തക്കവണ്ണം ഉദ്യോ ഗങ്ങൾക്ക് ആവശ്യമുള്ള ആളുകളെ തിരഞ്ഞെടുക്കുന്നതിനും പ്രമോഷൻ കാര്യത്തിൽ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും സ്വതന്ത്രവും നിഷ്പക്ഷവു മായ ഒരു പബ്ളിക്ക് സർവ്വീസുകമ്മിഷനെ നിയമിക്കുന്നതിനു തീരുമാ നിച്ചിരിക്കുന്നതു വളരെ ഉചിതമായിട്ടുണ്ട്. ഇപ്പോൾ ഇൻഡ്യാ കാൺ സ്റ്റിറ്റ്യൂവൻറ് അസംബ്ളി നിർമ്മിക്കുന്ന ഭരണഘടനയിൽ ഇങ്ങനെ ഒരു കമ്മിഷനെ നിയമിക്കാൻ വ്യവസ്ഥയുണ്ട്. ഒരു ഉദ്യോഗവും കമ്മി ഷന്റെ പരിധിയിൽനിന്നും ഒഴിവാക്കേണ്ട ആവശ്യമില്ല. അപ്രകാരം ചെയ്യുന്നതു അഴിമതികൾക്കു വഴിതെളിക്കുകയായിരിക്കും. ഇപ്പോൾ തിരുവിതാംകൂറിൽ ഒരു പബ്ളിക്ക് സർവ്വീസു കമ്മീഷണർ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. A. Mathew].

എന്നാൽ അദ്ദേഹത്തിന്റെ അധികാര പരിധിയിൽനിന്നും സെക്രട്ടറിയേറിലെ ഭൂരിഭാഗം ഉദ്യോഗങ്ങളും ട്രാൻസ്പോർട്ട് വകുപ്പും ഒഴിവാക്കിയിരിക്കുകയാണ്. ഇതു് ആശാസ്യമല്ല. പ്രമോഷൻ കൊടുക്കുന്ന കാര്യത്തിലും പരാതികഥം വളരെയുണ്ട്. അപ്രകാരമുള്ള പരാതികൾക്കു് ഇടകൊടുക്കാതിരിക്കത്തക്കവണ്ണം ഉദ്യോഗനിയമനവിഷയത്തിൽ പ്രവർത്തിക്കുന്നതിനാണ് നിഷ്പക്ഷമായ ഒരു പബ്ളിക്ക് സർവ്വീസിന്റെ ആവശ്യം.

MR. D. GNANASIGAMONY: Is not the Commission's functions merely advisory?

MR. K. A. MATHEW: അങ്ങനെ ഡ്രാഫ്റ്റ് ചെയ്തിട്ടാണെങ്കിലും തിരഞ്ഞെടുപ്പു കഥം അവരുടെ പൂർണ്ണ ചുമതലയിൽ നടത്തിയില്ലെങ്കിൽ അതുകൊണ്ടു ഒരു പ്രയോജനവുമില്ല.

MR. D. GNANASIGAMONY: Does the Bill make such a provision for it?

MR. K. A. MATHEW: ഈ ബില്ലിൽ വിവക്ഷിച്ചിരിക്കുന്ന കമ്മീഷന്റെ അധികാരം ഉപദേശകരൂപത്തിലാണെങ്കിലും ഗവണ്മെന്റു നിഷ്പക്ഷമായ ഒരു പബ്ളിക്ക് സർവീസു കമ്മിഷൻ ചെയ്യുന്ന തീരുമാനങ്ങളെ അവഗണിക്കാതിരുന്നാൽ മതി.

MR. P. BALAKRISHNAN TAMPI: Is the Hon'ble Member thinking that the Public Service Commission is going to be something super-Government?

MR. K. A. MATHEW: അങ്ങനെ വിചാരിക്കുന്നില്ല. ഗവണ്മെന്റു് അവരുടെ ശുപാർശകളെ സ്വീകരിച്ചു നിയമനം നടത്തണമെന്നു നിർബന്ധം ഉണ്ടായിരിക്കണമെന്നു മാത്രമെ ഇവിടെ പറയുന്നുള്ളൂ. ഒരു നിയമനവും അവരുടെ പരിധിയിൽനിന്നും മാറിവയ്ക്കരുതു്. ജനകീയ ഗവണ്മെന്റു വന്നതിനുശേഷവും അതിനുമുമ്പത്തെ മന്ത്രിസഭ നടത്തിയ നിയമനങ്ങളെക്കുറിച്ചു ധാരാളം പരാതികഥം നാട്ടിലുണ്ടായിട്ടുണ്ടു്. അതിന്റെ കാരണം ആ മന്ത്രിസഭ നേരിട്ടു നടത്തിയ പല നിയമനങ്ങളുടെയും സ്വഭാവമാണ്. പരാതിക്കു ഇടംകൊടുക്കുന്ന പല നിയമനങ്ങളും ആ മന്ത്രിസഭ നടത്തിയിട്ടുണ്ടെന്നുള്ളതിനു് സന്ദേഹമില്ല.

MR. P. BALAKRISHNAN TAMPI: മനുഷ്യന്റെ അപൂർണ്ണത ലോകാവസാനംവരെ കാണുമെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW : മനുഷ്യനു അപൂർണ്ണതയുണ്ടെങ്കിലും അനീതി നടത്തുന്നതിൽ കാണിക്കുന്ന താൽപര്യം അക്ഷന്തവ്യമാണ്. സമുദായ നീതി ഉദ്യോഗനിയമനക്കാര്യത്തിൽ പരിപാലിക്കണമെന്നാണ് എന്റെ അഭിപ്രായം. സംകുചിതമായ സാമുദായികചിന്തയും സ്വാർത്ഥതൽപരതയും വിധേയമാകാതെയുള്ള ഒരു വീക്ഷണകോണം നമുക്കു ഇക്കാര്യത്തിൽ ആവശ്യമാണ്. ഉദ്യോഗനിയമനത്തിൽ എല്ലാ സമുദായങ്ങളുടെയും അവകാശങ്ങളെ സമബുദ്ധിയോടെ പരിഗണിച്ചു പ്രവർത്തിച്ചാൽ ആക്ഷേപങ്ങൾ ഉണ്ടാകയില്ല.

MR. K. RAMACHANDRAN : മനുഷ്യന്റെ അപൂർണ്ണതയിൽനിന്നേ അസംതൃപ്തി ഉണ്ടാകയുള്ളൂ എന്നറിയാമോ ?

MR. K. A. MATHEW : മനുഷ്യന്റെ അപൂർണ്ണതയെപ്പറ്റിയോ അസംതൃപ്തിയെപ്പറ്റിയോ ഉള്ള തത്ത്വപരമായ വ്യവഹാരത്തിലല്ല നാം ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നതു്. ഉദ്യോഗനിയമനവിഷയത്തിൽ അസംതൃപ്തിയും ആക്ഷേപവും ഉണ്ടാകാത്തവിധത്തിൽ നിയമനങ്ങൾ നടത്തപ്പെടേണ്ട പദ്ധതിയെപ്പറ്റിയാണു നാം ചിന്തിക്കുന്നതു്. ഒരു പബ്ലിക്കുസർവ്വീസു കമ്മിഷനു പൂർണ്ണമായ സ്വാതന്ത്ര്യം കൊടുത്തു എല്ലാ നിയമനങ്ങളും നടത്തുന്നു എങ്കിൽ മാത്രമെ പരാതിയും അസംതൃപ്തിയും തീരുകയുള്ളൂ. സാമുദായികനീതി തീർച്ചയായും പാലിക്കണം. പ്രത്യേക പരിഗണന കൊടുത്തുകൊണ്ടു സ്പെഷ്യൽ റിക്രൂട്ടുമെന്റു സാധാരണ ഉദ്യോഗങ്ങളിൽ നടത്തുന്നതു് ആക്ഷേപകരമാണ്. അങ്ങനെയുള്ള ചില നിയമനങ്ങൾ പട്ടം മന്ത്രിസഭ ചെയ്തതു് അവഹേളനാർഹമാണ്. സ്വഭാവശുദ്ധിയും കാര്യശേഷിയുമുള്ള അംഗങ്ങൾ അടങ്ങിയ ഒരു പബ്ലിക്കുസർവ്വീസു കമ്മിഷൻ ഉണ്ടെങ്കിൽ കാര്യങ്ങൾ ശരിയാകും. കമ്മിഷൻ, സ്വഭാവഗുണവും സത്യസന്ധതയും ഉത്തരവാദിത്വബോധവുമുള്ളവരെ തിരഞ്ഞെടുക്കുമ്പോൾ പബ്ലിക്കുസർവ്വീസു ശുദ്ധീകരിക്കാൻ സാധിക്കും.

MR. A. K. PATCHU PILLAI : ബന്ധുത്വവും മറ്റും ഈ കമ്മിഷന്റെ കാര്യത്തിലും ഉണ്ടാകുമോ ?

MR. K. A. MATHEW : അങ്ങനെ ഉണ്ടാകാതെ സൂക്ഷിക്കുകയാണു വേണ്ടതു്.

MR. THARIATHU KUNJITHOMMEN : ഇങ്ങനെയുള്ള ചോദ്യങ്ങൾ നിയമസഭയിലെ ചോദ്യോത്തരങ്ങൾമൂലമല്ലേ വെളിവാകയുള്ളൂ ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. A. MATHEW : ചോദ്യോത്തരങ്ങൾമൂലം വളരെ അനീതികൾ വെളിവാകുന്നുണ്ട്. അങ്ങനെയുള്ള സംഗതികൾ ആവർത്തിക്കാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ശരിയായ ഒരു പബ്ളിക്ക് സർവ്വീസ് കമ്മിഷൻ ഇവിടത്തെ നിയമനങ്ങൾ എല്ലാം നടത്തിയാൽ പരാതികൾ തീർച്ചയായും കുറയും. അതുകൊണ്ട് ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

The House adjourned at 4-30. P. M. to meet again at 11 A. M. on Tuesday the 22nd February 1949.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly